**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി നടത്തിയ പദ്ധതികളുടെ ഫലമായി ഐ.ടി. മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പുരോഗതികൾ വിശദമാക്കുമോ; | (എ) | വ്യാവസായിക പ്രസക്തിയുള്ളതും കൂടുതൽ തൊഴിൽ സാധ്യതയുള്ളതുമായ മേഖലകൾ കണ്ടെത്തി അത്തരം മേഖലകൾക്ക് അനുയോജ്യമായ നൈപുണ്യ പരിശീലനങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ കഴിഞ്ഞതിന്റെ ഫലമായി ഐ.ടി മേഖലയിൽ മികച്ച മുന്നേറ്റം കൈവരിക്കുവാനും ഈ മേഖലയിൽ കൂടുതൽ വിദേശനിക്ഷേപങ്ങൾ ആകർഷിക്കുവാനും അത് വഴി കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുവാനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.<br><br>2023-2024 കാലയളവിൽ ഏകദേശം പതിമൂവായിരത്തോളം യുവജനങ്ങൾക്ക്, ഡാറ്റ സയൻസ്, മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ് സോഫ്റ്റ് വെയർ ടെസ്റ്റിംഗ് എന്നിങ്ങനെ നിലവിൽ തൊഴിൽസാധ്യത ഏറെയുള്ള വിവിധ മേഖലകളിൽ ഐ.സി.ടി. അക്കാദമി ഓഫ് കേരള നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ട്. നാനൂറോളം അധ്യാപക പരിശീലന പരിപാടികളും ഇതോടൊപ്പം നടത്തുകയുണ്ടായി. ഗൂഗിൾ, ഐ.ബി.എം. തുടങ്ങിയ മുൻനിര ഐ.ടി. കമ്പനികളുമായി ചേർന്ന് അയ്യായിരത്തിലധികം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ജോബ് ഫെയറുകളിലൂടെ മൂവായിരത്തി അഞ്ഞൂറോളം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകാനും, ആയിരത്തിലധികം വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് വഴി പ്രായോഗിക പരിശീലനം നൽകാനും ഈ കാലയളവിൽ സാധിച്ചു.<br><br>ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള ബ്ലോക്ക്ചെയിൻ അക്കാഡമി 2020 വർഷം |

മുതൽ 2024 വർഷം വരെ 18397 വിദ്യാർത്ഥികൾക്ക് ബ്ലോക്ക്ചെയിൻ ടെക്നോളജിയിൽ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഇതിൽ 9360 പേർക്ക് ഡെവലപ്പർ പ്രോഗ്രാമുകളിലും 137 പേർക്ക് ആർക്കിടെക്റ്റ് പ്രോഗ്രാമുകളിലും പ്രധാന ഐ.റ്റി സ്ഥാപനങ്ങളായ റ്റി.സി.എസ്, സോണി, അലയൻസ് ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു.

വിവധ കോളേജുകളിലായി സ്ഥാപിച്ചിട്ടുള്ള ഇന്നവേഷൻ ആന്റ് എൻടപ്രണർഷിപ്പ് സെന്ററുകളിലായി കേരള സ്റ്റാർട്ടപ്പ് മിഷൻ ഈ സാമ്പത്തിക വർഷം 8000 പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. ഭാവി സാങ്കേതിക മേഖലയിൽ നൽകുന്ന ഇത്തരം പരിശീലനങ്ങളിലൂടെ വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനവും നൈപുണ്യവും വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും ലക്ഷ്യമിട്ട് 2022-23 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതിയാണ് ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം. അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സമഗ്രമായ നൈപുണ്യവികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് ശക്തമായ ഒരു പരിശീലന സംരംഭമായി പരിണമിക്കാനാണ് പ്രോഗ്രാം ലക്ഷ്യമിടുന്നത്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ, ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനികൾ (ജിടെക്), കാലിക്കറ്റ് ഫോറം ഫോർ ഐടി (സിഐഎഫ്ഐടി) തുടങ്ങിയ സ്ഥലങ്ങളുമായി ബന്ധപ്പെട്ട ഐടി/ഐടിഇഎസ് കമ്പനികളിലാണ് ഇഗ്നൈറ്റ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

2022-23 സാമ്പത്തിക വർഷത്തിൽ 60 കമ്പനികളിലായി ഇന്റേൺഷിപ്പ് തസ്തികകളിലേക്ക്175 ഉദ്യോഗാർത്ഥികളെ 6 മാസത്തേക്ക് തെരഞ്ഞെടുക്കുകയും ഇതിൽ 136 ഉദ്യോഗാർത്ഥികൾക്ക് അതേ കമ്പനികളിൽ നിയമനം ലഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി 2023-24 സാമ്പത്തിക വർഷത്തിൽ നാല് മാസത്തിനുള്ളിൽ 58 കമ്പനികൾ വിവിധ ഇന്റേൺഷിപ്പ് തസ്തികകളിലേക്ക് 220 ഉദ്യോഗാർത്ഥികളെ വിജയകരമായി റിക്രൂട്ട് ചെയ്യുകയും ചെയ്തു.

കഴിഞ്ഞ 10 വർഷത്തിനിടെ ഹയർ സെക്കണ്ടറി/ കോളേജ് തലത്തിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) നൽകിയ നൈപുണ്യ പരിശീലനം ഇംഗ്ലീഷ് ഭാഷാവൈദഗ്ധ്യത്തിൽ പ്രാവീണ്യം നേടുന്നതിനും അതുവഴി ഐ.ടി മേഖലയിലെ വ്യക്തികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായകമായി.

| | | | |
|---|---|---|---|
| | | | ഇൻഡസ്ട്രിയുടെ ആവശ്യത്തിനനുസരിച്ച് നൈപുണ്യ പരിശീലനം ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി ഇൻഫർമേഷൻ<br>ടെക്നോളജി (ഐടി), കമ്പ്യൂട്ടർ സയൻസ് എന്നീ നിർണായക മേഖലകളിലെ തൊഴിൽക്ഷമതയിൽ യഥാക്രമം 68.44%, 66.00% എന്ന രീതിയിൽ സംസ്ഥാനത്തിന് മികച്ച പ്രകടനം കൈവരിക്കാൻ സാധിച്ചു.<br><br>സംസ്ഥാനത്തുടനീളം അസാപ് സ്ഥാപിച്ച കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലെ സെന്റേഴ്സ് ഓഫ് എക്സലൻസ്, നൂതന സാങ്കേതിക വിദ്യകളിൽ യുവാക്കൾക്ക് പരിശീലനം നൽകുകയും കേരളത്തെ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളുടെ ഒരു കേന്ദ്രമാക്കി മാറ്റുകയും ചെയ്തു.<br><br>ഐ.ടി ഉൾപ്പടെയുള്ള മേഖലകളിൽ നൈപുണ്യ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുകവഴി അഭ്യസ്തവിദ്യരായ യുവാക്കൾക്കിടയിൽ വിവിധ തൊഴിൽ മേഖലകൾക്ക് ആവശ്യമായ നൈപുണ്യശേഷി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി രാജ്യത്തെ യുവതീയുവാക്കൾ ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട് എന്ന് ഇന്ത്യ സ്കിൽസ് റിപ്പോർട്ട്<br><br>2024 സാക്ഷ്യപ്പെടുത്തുന്നു. അതോടൊപ്പം തന്നെ മതിയായ നൈപുണ്യ ശേഷിയുള്ള യുവാക്കളുടെ ലഭ്യത ഉറപ്പാക്കാൻ സാധിച്ചതുവഴി കൂടുതൽ തൊഴിൽദാതാക്കളും/ കമ്പനികളും കേരളത്തിൽ നിക്ഷേപം നടത്താൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ തൊഴിൽക്ഷമതയെക്കുറിച്ചും നൈപുണ്യ വികസനത്തെക്കുറിച്ചും ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024-ൽ നടത്തിയ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | 2024 ലെ ഇന്ത്യ സ്കിൽ റിപ്പോർട്ട് പ്രകാരം പ്രായഭേദമന്യേ സ്ത്രീപുരുഷന്മാർ ജോലി ചെയ്യാൻ ഇഷ്ടപ്പെടുന്ന സംസ്ഥാനങ്ങളിൽ കേരളം ഒന്നാമതാണ്. കൂടാതെ ഉദ്യോഗാർത്ഥികൾ ജോലി ചെയ്യാൻ താൽപര്യപ്പെടുന്ന ഇൻഡ്യൻ നഗരങ്ങളിൽ കൊച്ചി രണ്ടാമതും തിരുവനന്തപുരം നാലാമതുമാണ്. സ്ത്രീജനങ്ങൾ ഏറ്റവും കൂടുതൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന നഗരങ്ങളിൽ കൊച്ചി ഒന്നാം സ്ഥാനത്താണ്. 18 മുതൽ 21 വയസ് പ്രായപരിധിയുള്ള ഉദ്യോഗാർത്ഥികളിൽ ഏറ്റവും തൊഴിൽക്ഷമതയുള്ള സംസ്ഥാനങ്ങളിൽ കേരളം രണ്ടാം സ്ഥാനത്താണ്. ഇംഗ്ലീഷ് സംസാരിക്കുന്നവർ ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മൂന്നാം സ്ഥാനത്താണ്. രാജ്യത്തെ കമ്പ്യൂട്ടർ സ്കിൽസുള്ള സംസ്ഥാനങ്ങളിൽ കേരളം മൂന്നാം സ്ഥാനത്തും, നഗരങ്ങളുടെ പട്ടികയിൽ തിരുവനന്തപുരം ഒന്നാം<br>സ്ഥാനത്തുമാണ്. എഞ്ചിനീയറിംഗ്, പോളിടെക്നിക് |

| | | | |
|---|---|---|---|
| | | | മേഖലകളിൽ തൊഴിൽ സാധ്യതയുള്ള പ്രതിഭകൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മൂന്നാം സ്ഥാനത്താണ്. നവയുഗ നൈപുണ്യ മേഖലകളിലും പൊതുവിജ്ഞാനത്തിലും മുന്നിൽ നിൽക്കുന്ന കേരളം വിദ്യാഭ്യാസത്തോടുള്ള സന്തുലിത സമീപനം കാണിക്കുന്നതായി റിപ്പോർട്ട് പരാമർശിക്കുന്നു.<br><br>നൈപുണ്യ പരിശീലനത്തിലും നൈപുണ്യ വികസനത്തിലും സർക്കാർ തലത്തിൽ മികച്ച പദ്ധതികളാണ് കേരളത്തിൽ നടന്നു വരുന്നതെന്നും റിപ്പോർട്ട് പറയുന്നു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) കേരള സംസ്ഥാനത്ത് യുവജനങ്ങളുടേയും വിദ്യാർത്ഥികളുടേയും തൊഴിൽക്ഷമതയും നൈപുണ്യവും വികസിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചതായും ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 പറയുന്നു. കഴിഞ്ഞ 10 വർഷത്തിനിടെ ഹയർ സെക്കണ്ടറി തലത്തിൽ 2.5 ലക്ഷത്തിലേറെ വിദ്യാർത്ഥികൾക്ക് അസാപ് നൈപുണ്യ പരിശീലനം നൽകിയതും റിപ്പോർട്ട് എടുത്തു പറയുന്നുണ്ട്. സംസ്ഥാനത്തുടനീളം അസാപ് സ്ഥാപിച്ച കമ്യൂണിറ്റി സ്കിൽ പാർക്കുകളിലെ സെന്റേഴ്സ് ഓഫ് എക്സലൻസും നൂതന സാങ്കേതിക വിദ്യകളിൽ പരിശീലനം ലഭ്യമാക്കുന്നതിൽ രാജ്യത്തു തന്നെ മികച്ച മാതൃകകളാണെന്നും ഇന്ത്യ സ്കിൽ റിപ്പോർട്ട് 2024 ൽ ഉണ്ട്. |
| (സി) | 2011-16 കാലയളവിൽ ഐ.ടി. രംഗത്ത് എത്ര കോടി രൂപയുടെ കയറ്റുമതിയാണ് നടന്നതെന്നും 2016 മുതൽ നാളിതുവരെയുള്ള കയറ്റുമതി എത്രയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | തിരുവനന്തപുരം ടെക്നോപാർക്കിൽ 2011 മുതൽ 2016 വരെയുള്ള കാലയളവിലെ ഐ.ടി. കയറ്റുമതി 22,493 കോടി രൂപയായിരുന്നു. ഇൻഫോപാർക്ക് കൊച്ചിയിൽ ഈ കാലയളവിലെ ഐ.ടി. കയറ്റുമതി 11,628 കോടി രൂപയും കോഴിക്കോട് സൈബർപാർക്കിൽ ഈ കാലയളവിൽ ഇത് 2.77 കോടി രൂപയും ആയിരുന്നു.<br><br>2016–17 മുതൽ 2022-23 വരെ ലഭ്യമായ കണക്കുകൾ പ്രകാരം തിരുവനന്തപുരം ടെക്നോപാർക്കിൽ 56,246 കോടി രൂപയുടെയും, ഇൻഫോപാർക്ക് കൊച്ചിയിൽ 40,709 - കോടി രൂപയുടെയും, കോഴിക്കോട് സൈബർപാർക്കിൽ 216 കോടി രൂപയുടെയും ഐ.ടി. കയറ്റുമതി ഉണ്ടായിട്ടുണ്ട്. |
| (ഡി) | 2016 മുതൽ നാളിതുവരെ എത്ര ഐ.ടി. പാർക്കുകളും ഐ.ടി. സ്പെയ്സുകളും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അതിലൂടെ എത്ര തൊഴിലവസരങ്ങൾ പുതുതായി | (ഡി) | 2016-ന് ശേഷം സംസ്ഥാനത്ത് പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള പാർക്കുകളുടെ വികസനത്തിലൂടെ ഐ.ടി. സ്പേസിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ ടെക്നോപാർക്കിൽ ഐ.ടി. ബിൽറ്റ്-അപ്പ് ഏരിയ 12.72 ദശലക്ഷം ചതുരശ്ര |

| | | | |
|---|---|---|---|
| | സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | | അടിയായി ഉയർന്നു. ഈ കാലയളവിൽ ഇത് 4.21 ദശലക്ഷം ചതുരശ്ര അടിയുടെ വർദ്ധനവ് രേഖപ്പെടുത്തുന്നു. ഒപ്പം 22,000 ജീവനക്കാരുടെ തൊഴിൽ വർദ്ധനവും രേഖപ്പെടുത്തുന്നു. നിലവിലുള്ള ജീവനക്കാരുടെ എണ്ണം ഏകദേശം 72,000 ആണ്.<br><br>ഇൻഫോപാർക്ക്<br>കൊച്ചിയിൽ 2016 മുതൽ 49,59,000 ചതുരശ്ര അടി ഐ.ടി.സ്പെയിസിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ജീവനക്കാരുടെ എണ്ണം 28000-ൽ നിന്നും 67000 ആയി വർദ്ധിക്കുകയുണ്ടായി.<br><br>കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ച.അടി ഐ.ടി കെട്ടിടം 2017-ൽ നിലവിൽ വന്നു. ഇവിടെ നിലവിൽ 2200-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു.<br><br>ഈ കാലയളവിൽ സംസ്ഥാനത്തെ മൂന്ന് ഐ.ടി.പാർക്കുകളിലുമായി<br>മൊത്തം 509 കമ്പനികളുടെയും ഏകദേശം 63135 - ഓളം ജീവനക്കാരുടെയും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ